# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5262, 02/07/2013-ൽ**

**മറുപടിക്ക്**

## കോസ്റ്റ് എസ്കലേഷൻ എസ്റ്റിമേറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ | ബഹുമാനപ്പെട്ട ധനകാര്യവും, നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ.കെ.എം.മാണി |
| (എ) ധനകാര്യവകുപ്പ് ചീഫ് ടെക്നിക്കൽ എഞ്ചിനീയർ ശ്രീ.എബ്രഹാം ജേക്കബ് എന്നാണ് ധനവകുപ്പിൽ ജോലിയിൽ പ്രവേശിച്ചത് ; | 02/07/2012-ൽ |
| (ബി) അഡീഷണൽ സി.ടി.ഇ വിജയദാസ് എന്നാണ് ധനവകുപ്പിൽ ജോലിയിൽ പ്രവേശിച്ചത് ; | 08/02/2012-ൽ |
| (സി) ശ്രീ.എബ്രഹാം ജേക്കബ് അദ്ദേഹത്തിന്റെ മുൻഗാമിയെപ്പോലെ ഐ.ഇ.എസ് ഉദ്യോഗസ്ഥനാണോ ; | അതെ |
| (ഡി) ശ്രീ.എബ്രഹാം ജേക്കബ് സി.ടി.ഇ ആയതിന് ശേഷം മൊത്തം എത്ര കോടി രൂപയുടെ കോസ്റ്റ് എസ്കലേഷൻ എസ്റ്റിമേറ്റുകൾ നൽകാനായി ശുപാർശ ചെയ്തിട്ടുണ്ട് ; | കോസ്റ്റ് എസ്കലേഷൻ എസ്റ്റിമേറ്റുകൾ താഴെപ്പറയുന്ന രണ്ടു രീതികളിലാകാം.<br>1. കോൺട്രാക്ട് എഗ്രിമെന്റ് റേറ്റ് അധികരിച്ച് നൽകിയാൽ<br>2. പി.ഡബ്ല്യു.ഡിയുടെ എസ്.ഒ.ആർ പുതുക്കിയതിന്റെ അടിസ്ഥാനത്തിലോ (കോൺട്രാക്ട് ആകാത്ത കേസുകളിൽ മാത്രം) വർക്കുകൾ പൂർത്തീകരിക്കുന്നതിന് ഒഴിച്ചുകൂടാൻ സാധിക്കാത്ത വിധം കോൺട്രാക്ട് ആയതോ ആകാത്തതോ ആയ കേസുകളിൽ എഗ്രിമെന്റ് ഐറ്റങ്ങളോ എസ്റ്റിമേറ്റ് ഐറ്റങ്ങളോ അധികരിച്ച അളവുകളിൽ അത്യാവശ്യമായ പുതിയ ഐറ്റങ്ങളോ ചെയ്യേണ്ടി വരുന്നതിന്റെ അടിസ്ഥാനത്തിലോ. |

| | |
|---|---|
| | ആദ്യത്തെ വിഭാഗത്തിൽ - ഒന്നുമില്ല.<br>രണ്ടാമത്തെ വിഭാഗത്തിൽ - വിവരങ്ങൾ ശേഖരിച്ചു കണക്കെടുത്തുകൊണ്ടിരിക്കുന്നു. |
| (ഇ) മാർക്കറ്റ് നിരക്കുകളുമായി താരതമ്യ പഠനം നടത്തിയിട്ടാണോ ഇപ്രകാരം കോസ്റ്റ് എസ്കലേഷൻ ശുപാർശ ചെയ്തിട്ടുള്ളത് ; | ഡി (1) കോൺട്രാക്ട് എഗ്രിമെന്റ് റേറ്റ് അധികരിച്ചു നൽകിയാലുള്ള വിഭാഗത്തിൽ കേസുകളൊന്നുമില്ലാത്ത-തിനാൽ ചോദ്യം ബാധകമല്ല.<br>രണ്ടാമത്തെ വിഭാഗത്തിലുള്ള കേസുകളിൽ മാർക്കറ്റ് റേറ്റ്, എസ്.ഒ.ആർ റേറ്റ്, കോൺട്രാക്ട് എഗ്രിമെന്റ് റേറ്റ് ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ എന്നിവയുമായി നിയമാനുസരണം താരതമ്യപഠനം നടത്തിയിട്ടാണ് ചെയ്യാറുള്ളത്. |
| (എഫ്) ഏറ്റവുമധികം എസ്കലേഷൻ നൽകിയ 20 കേസുകളുടെ കരാറുകാരുടെ പേരും പ്രവൃത്തിയുടെ അടങ്കലും നൽകിയ എസ്കലേഷനുകളും വിശദമായി നൽകാമോ ; | ഈ വകുപ്പിൽ നിന്നും, മേൽപ്പറഞ്ഞ 2-ാം വിഭാഗത്തിലുള്ള കേസുകളിൽ ശുപാർശകൾ നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു. |
| (ജി) എസ്കലേഷൻ നൽകാനുള്ള ശുപാർശകളിൽ എത്രയെണ്ണം സർക്കാർ തലത്തിൽ അംഗീകരിച്ചു; | വിവിധ വകുപ്പുകളിൽ നിന്നും ധനവകുപ്പിൽ ലഭിക്കുന്ന ഫയലുകളിൽ അഭിപ്രായം രേഖപ്പെടുത്തി നൽകുന്നതിനാൽ വിശദവിവരങ്ങൾ ലഭ്യമല്ല. |
| (എച്ച്) എത്രയെണ്ണം ധനകാര്യ സെക്രട്ടറി/ധനമന്ത്രി തലത്തിൽ അംഗീകാരം കിട്ടി ; | വിവിധ വകുപ്പുകളിൽ നിന്നും ധനവകുപ്പിൽ ലഭിക്കുന്ന ഫയലുകളിൽ അഭിപ്രായം രേഖപ്പെടുത്തി നൽകുന്നതിനാൽ വിശദവിവരങ്ങൾ ലഭ്യമല്ല. |
| (ഐ) ധനസെക്രട്ടറി എത്ര തുകയ്ക്കുള്ള എസ്കലേഷൻ ഇതു വരെ അനുവദിച്ചു നൽകി ; | വിവിധ വകുപ്പുകളിൽ നിന്നും ധനവകുപ്പിൽ ലഭിക്കുന്ന ഫയലുകളിൽ അഭിപ്രായം രേഖപ്പെടുത്തി നൽകുന്നതിനാൽ വിശദവിവരങ്ങൾ ലഭ്യമല്ല. |
| (ജെ) സി.ടി.ഇ ഓഫീസിലെ എഞ്ചിനീയർമാർക്ക് ജില്ല തിരിച്ച് ചുമതല നൽകിയിട്ടുണ്ടോ ; | ഉണ്ട്. |
| (കെ) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ ആരെല്ലാമാണ് ചുമതലയിൽ ; വ്യക്തമാക്കുമോ ; | 01/06/2013 മുതൽ നിലവിലുള്ള ചുമതലക്കാർ താഴെപ്പറയുന്നു |

| ടീം | ചുമതല |
|---|---|
| **ടീം - ഒന്ന്**<br>റോയ്ലുക്ക്<br>ആനന്ദ്.വി | എറണാകുളം, പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിലെ പരിശോധന തുടങ്ങിയവ |
| **ടീം - രണ്ട്**<br>ശ്രീകുമാർ എസ്.<br>അജയകുമാർ.ആർ | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലെ പരിശോധന തുടങ്ങിയവ |
| **ടീം - മൂന്ന്**<br>ഷാജി. എസ് | വയനാട്, കണ്ണൂർ,കാസർഗോഡ്, |

| | | |
|---|---|---|
| | ഷാൻ.എസ് | മലപ്പുറം, കോഴിക്കോട് ജില്ലകളിലെ പരിശോധന തുടങ്ങിയവ |
| | **ജനറൽ ടീം**<br>എസ്.ജെ. വിജയദാസ്<br>വി.നിഷാന്ത്<br>ബൈജു ഡൊമിനിക്ക്<br>കെ.ബി. രാമചന്ദ്രൻ | സംസ്ഥാനമൊട്ടാകെയുള്ള പ്രത്യേകമായ കേസുകളുടെ ഇൻസ്പെക്ഷൻ ഫയലുകളിലെ ഓഫീസ് ജോലികൾ തുടങ്ങിയവ |

| | |
|---|---|
| (എൽ) ഓരോ ചുമതലക്കാരനും കഴിഞ്ഞ 2 ധനകാര്യവർഷങ്ങളിൽ ശുപാർശ ചെയ്ത എസ്കലേഷൻ വിശദാംശം നൽകുമോ ? | ഡി (1) കോൺട്രാക്ട് എഗ്രിമെന്റ് റേറ്റ് അധികരിച്ച നൽകിയാലുള്ള വിഭാഗത്തിൽ - ഒന്നുമില്ല<br>ഡി (2) -ാമത്തെ വിഭാഗത്തിൽ - വിവരങ്ങൾ ശേഖരിച്ച് കണക്കെടുത്തുകൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ